പനമരം ഗ്രാമപഞ്ചായത്ത് കാര്യാലയം
പനമരം പോസ്റ്റ്-670 721, വയനാട് ജില്ല. ഫോൺ - 04935-220772
E-mail: gppanamaram@gmail.com
ISO 9001:2015 CERTIFIED

SC3-3972/2023 തീയ്യതി - 14/12/2023

സെക്രട്ടറി
പനമരം ഗ്രാമപഞ്ചായത്ത്

ഇന്റേണൽ വിജിലൻസ് ഓഫീസർ
വയനാട്

സർ,

വിഷയം - പനമരം ഗ്രാമപഞ്ചായത്ത്- നവകേരള സദസ് - ശ്രീ. ഈശോ എം ചെറിയാൻ എന്നവരുടെ പരാതി (BPWND21077000001) സംബന്ധിച്ച്

സൂചന - അങ്ങയുടെ കാര്യാലയത്തിലെ 2023 ഡിസംബർ 13 ലെ ഇ-മെയിൽ സന്ദേശം

പനമരം ഗ്രാമപഞ്ചായത്തിൽ 25/10/2022 ന് ബിൽഡിംഗ് പെർമിറ്റ് പുതുക്കുന്നതിനു വേണ്ടി എസ്.സി3-12316/22 നമ്പറായി ശ്രീ. ഈശോ എം ചെറിയാൻ എന്നവർ അപേക്ഷ നൽകിയിട്ടുള്ളതാണ്. 07/11/2022 ന് അസിസ്റ്റന്റ് എഞ്ചിനീയർ എൽ എസ് ജി ഡി വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം 4393/-രൂപ റിന്യൂവൽ ഫീസ് ഈടാക്കി 2011 ലെ കെ പി ബി ആർ ചട്ടം പ്രകാരം 9 വർഷം വരെ പുതുക്കി നൽകാവുന്നതാണ് എന്ന് റിപ്പോർട്ട് നൽകിയിട്ടുള്ളതുമായിരുന്നു. ഫയൽ സ്റ്റാറ്റസ് ഫീസ് അടവാക്കുന്നുള്ള സമയത്ത് അന്നേരം സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരൻ സ്ഥലംമാറ്റം മൂലം മാറുകയും പുതിയ ആൾ സെക്ഷനിൽ വരുകയും ചെയ്തു. 31/12/2022 ന് പരാതിക്കാരൻ ഈ കാര്യാലയത്തിൽ ഫീസ് ഒടുക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾക്കായി സെക്ഷൻ ഫയൽ പരിശോധിച്ചപ്പോൾ വയനാട് ജില്ലയിൽ നിലവിൽ 10 മീറ്റർ ഉയരത്തിൽ അധികരിച്ചോ അല്ലെങ്കിൽ 3 നിലകളോ ആയി മാത്രമേ നിർമ്മാണം നടത്താൻ പാടുള്ളു എന്ന DDMA യുടെ 30/06/2015 ലെ 2014/21178/12/H3 നമ്പർ ഉത്തരവ് ഉള്ളതിനാലും 10/12/2014 ന് A2-198/2014-15 നമ്പറായി ടിയാൾക്ക് പെർമിറ്റ് അനുവദിച്ചിട്ടുള്ളതും ആയത് പുതുക്കുന്നതിനുള്ള അപേക്ഷ ആയതിനാൽ DDMA യുടെ ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിലും കെട്ടിടത്തിന് അനുമതി നൽകിയിട്ടുള്ളത് ഡോർമിറ്ററി എന്ന ആവശ്യത്തിനായതിനാലും സമാന സ്വഭാവമുള്ള ഫയലുകളിൽ DDMA യുടെ പ്രസ്തുത ഉത്തരവ് സംബന്ധിച്ച് കുറ്റാരോപണം മറ്റും നേരിടുന്ന സാഹചര്യമുള്ളതിനാലും ടി ഫയലിൽ DDMA യുടെ ഉയരം സംബന്ധിച്ച ഉത്തരവിന് സ്പഷ്ടീകരണം അത്യന്താപേക്ഷിതമാണെന്നുള്ള മേലുദ്യോഗസ്ഥരുടെ നിർദ്ദേശ പ്രകാരമാണ് സെക്ഷൻ കൈകാര്യം ജീവനക്കാരൻ 17/01/2023 ന് DDMA യുടെ സ്പഷ്ടീകരണത്തിനായി കത്ത് അയക്കുകയും ചെയ്തത്. ടി കത്തിന് വിശദാമായ റിപ്പോർട്ട് ചോദിച്ചു കൊണ്ട് 27/01/2023 ന് DDMA യിൽ നിന്നും ലഭിച്ച കത്തിൽ DDMA യുടെ 30/06/2015 ലെ 2014/21178/12/H3 നമ്പർ ഉത്തരവിലെ ഖണ്ഡിക 9(ii) ൽ ഉത്തരവ് തീയതിക്ക് മുമ്പായി അനുവദിക്കപ്പെട്ട നിർമ്മിതികളിന്മേൽ സ്വീകരിക്കേണ്ട നടപടികൾ പരാമർശിച്ചിട്ടുള്ളതാണെന്നും ആയത് പരിഗണിക്കാതെയും DDMA യുടെ ഇളവ് ഉത്തരവിന്റെ അഭാവത്തിലും നിർമ്മാണം തുടരാൻ ശുപാർശ നൽകിയ അസി.എഞ്ചിനീയറുടെ നടപടി ശരിയായില്ല എന്ന് വിലയിരുത്തുകയും തുടർനടപടികൾക്കായി വിവിധ റിപ്പോർട്ടുകൾ ചോദിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിന് സാങ്കേതിക വിഭാഗം നൽകിയ റിപ്പോർട്ട് 28/03/2023 ന് നൽകിയിട്ടുള്ളതും 03/04/2023 ന് വീണ്ടും കൂടുതൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ട് ഫയൽ കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറുപടിക്ക

മുമ്പായി 2023 ജൂൺ മാസത്തിൽ DDMA ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിലേക്ക് ഫയൽ സഹിതം സാങ്കേതിക വിഭാഗം ജീവനക്കാരോട് സൈറ്റിൽ എത്താൻ ഫോൺ സന്ദേശം മുഖേന അറിയിച്ചതനുസരിച്ച് ഫയലുമായി സൈറ്റിൽ എത്തുകയും അവിടെ നിന്ന് മുഴുവൻ ഫയലുകളും DDMA വിഭാഗം ജീവനക്കാർ കൊണ്ടു പോകുകയും ചെയ്തിട്ടുള്ളതാണ്. പിന്നീട് 26/06/2023 ന് ഫയൽ DDMA ഓഫീസിൽ തുടർനടപടികളുടെ ഭാഗമായി പരിഗണനയിലാണെന്ന് പരാതിക്കാരനെ കത്ത് മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി ഫയൽ സംബന്ധിച്ച് DCWYD/545/2023-DM2 നമ്പറായി 10/07/2023 തീയതിയിൽ കെട്ടിട ഉടമ, ലൈസൻസി എന്നിവരെ നേരിൽ കേൾക്കുന്നതിനായി ബഹു. ജില്ലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ ടി കെട്ടിടം സംബന്ധിച്ച് അനുമതി നൽകാവുന്നതാണോ എന്ന് നാളിതുവരെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചിട്ടില്ലാത്തതാണ് എന്ന വിവരം അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

14/12/2023

**സെക്രട്ടറി**
**പനമരം ഗ്രാമപഞ്ചായത്ത്**
**വയനാട്**